# പത്രക്കുറിപ്പ്

## കാവുകൾക്ക് ധനസഹായം

തിരുവനന്തപുരം ജില്ലയിലെ കാവുകൾ സംരക്ഷിച്ച് പരിപാലിച്ച് വരുന്നതിന് 2017-18 വർഷത്തിൽ സാമ്പത്തിക സഹായം നൽകുന്നതിന് സംസ്ഥാന വനം വന്യജീവി വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. വ്യക്തികൾ, ദേവസ്വം, ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കാവുകൾക്കാണ് ധനസഹായം നൽകുന്നത്. താൽപര്യമുള്ള കാവുടമസ്ഥർക്ക് കാവിന്റെ വിസ്തൃതി, ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ എന്നിവ സഹിതം തിരുവനന്തപുരം രാജീവ് ഗാന്ധി നഗറിലെ (പി.റ്റി.പി) സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് 15.09.2017-ാം തീയതി വരെ അപേക്ഷ സമർപ്പിയ്ക്കാവുന്നതാണ്. മുൻപ് കാവുസംരക്ഷണത്തിന് ധനസഹായം ലഭിച്ച ഉടമസ്ഥർ അപേക്ഷ സമർപ്പിയ്ക്കേണ്ടതില്ല.

## വനമിത്ര അവാർഡ്

ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ അനുകരണീയ പ്രവർത്തനങ്ങൾക്ക് സംസ്ഥാന വനം വന്യജീവി വകുപ്പ് 2017-18 വർഷത്തിൽ വനമിത്ര അവാർഡ് നൽകുന്നു.25,000/-രൂപയും ഫലകവുമടങ്ങുന്നതാണ് അവാർഡ്. കണ്ടൽക്കാടുകൾ, കാവുകൾ, ഔഷധ സസ്യങ്ങൾ, കാർഷികം, ജൈവവൈവിധ്യം മുതലായവ പരിരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയിൽനിന്നും ഒരു അവാർഡ് വീതം നൽകുന്നു. തിരുവനന്തപുരം ജില്ലയിൽ താൽപര്യമുള്ള വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കർഷകർ എന്നിവർക്ക് തിരുവനന്തപുരം രാജീവ് ഗാന്ധി നഗറിലെ (പി.റ്റി.പി) സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് 15.09.2017-ാം തീയതിയ്ക്കകം അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ
സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ,
തിരുവനന്തപുരം